**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1240** **07-10-2021 - ൽ മറുപടിയ്ക്ക്**

**ദേശീയ പാതയിലെ അറ്റകുറ്റപ്പണി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ ,<br>ശ്രീ എം മുകേഷ് ,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. എം.വിജിൻ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കൂടി കടന്നുപോകുന്ന ദേശീയ പാതയിലെ അറ്റകുറ്റപ്പണിയുടെ ചുമതല ദേശീയപാത അതോറിറ്റി (എൻ.എച്ച്.എ.ഐ.) ഏറ്റെടുത്തിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (എ) | കേന്ദ്ര സർക്കാരിന്റെ 12/05/2020-ലെ ഗസറ്റ് നോട്ടിഫിക്കേഷൻ നം. 1506(E), 1507(E) പ്രകാരം കേരളത്തിലൂടെ പോകുന്ന NH-66, NH-744, NH-966 എന്നീ ദേശീയപാതകൾ വികസനത്തിനായി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് കൈമാറിയിട്ടുണ്ട്. |
| (ബി) | ദേശീയ പാതകളിൽ അറ്റകുറ്റപ്പണി ആവശ്യമായിടത്ത് അവ നടത്താത്തതു കാരണം സഞ്ചാരം ദുഷ്കരമായിരിക്കുന്നതു ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; പുനരുദ്ധാരണവും അറ്റകുറ്റപ്പണിയും നടത്തി യാത്രാക്ലേശം ഒഴിവാക്കാൻ വേണ്ട നടപടിയുണ്ടാകണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് കൈമാറിയ ദേശീയപാതയിലെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയോട് ആവശ്യപ്പെട്ടെങ്കിലും അതിന് കാലതാമസം ഉണ്ടായതിനാൽ ദേശീയപാത വിഭാഗം എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുന്ന മുറയ്ക്ക് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ ഫണ്ട് അനുവദിക്കാമെന്നും പൊതുമരാമത്ത് വകുപ്പ് ദേശീയപാതാ വിഭാഗം തന്നെ പ്രവൃത്തി നടപ്പിലാക്കണമെന്ന് തീരുമാനമെടുക്കുകയും അത് പ്രകാരം അറ്റകുറ്റപ്പണികൾ ദേശീയപാതാ വിഭാഗം തന്നെ നടപ്പിലാക്കുകയും ചെയ്യുന്നുണ്ട്. |
| (സി) | ദേശീയ പാതയിൽ ടോൾ പിരിവിൽ കാണിക്കുന്ന കാര്യക്ഷമത നിലവിലെ പാതയുടെ പരിപാലനത്തിൽ കാണിക്കാത്തതിൽ എൻ.എച്ച്.എ.ഐ.യുടെ നിലപാട്ട തിരുത്തിക്കാൻ വേണ്ട സമ്മർദ്ദം ഉണ്ടാകുമോയെന്ന് അറിയിക്കാമോ? | (സി) | ദേശീയപാതയുടെ നിർമ്മാണത്തിലും പരിപാലനത്തിലും ദേശീയപാത അതോറിറ്റിക്ക് നിർദ്ദേശങ്ങൾ നൽകാൻ പൊതുമരാമത്ത് മന്ത്രിയും, പൊതുമരാമത്ത് സെക്രട്ടറിയും യോഗങ്ങൾ നടത്താറുണ്ട്. 14.07.2021 ന് ബഹു.മുഖ്യമന്ത്രി ദേശീയപാതാ വികസനം സംബന്ധിച്ച കാര്യങ്ങൾ ബഹു.കേന്ദ്ര ഉപരിതല ഗതാഗതവകുപ്പ് മന്ത്രിയുമായി ചർച്ച ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ